**Malayala Manorama**

**മലയാള മനോരമ**



കോയമ്പത്തൂർ ആർഎസ് പുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് (എൻവിസ്) കേന്ദ്രം നടത്തിയ ഹരിത ദീപാവലി ബോധവൽക്കരണം.

# ഹരിത ദീപാവലി ബോധവൽക്കരണം

പാലക്കാട് • കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് (എൻവിസ്) കേന്ദ്രം ഹരിത ദീപാവലി ബോധവൽക്കരണം നടത്തി. ഡയറക്ടർ ഡോ.സി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു.

ദീപാവലി പ്രകൃതിയോടിണങ്ങി, അന്തരീക്ഷ മലിനീകരണം ഇല്ലാതെ ആഘോഷിക്കാൻ എല്ലാവരും തയാറാകണമെന്ന് അദ്ദേഹം പറഞ്ഞു. ആഘോഷവേളകളിൽ പരക്കെ പടക്കം പൊട്ടിക്കുന്നതും വിളവെടുപ്പിനു ശേഷം കാർഷിക അവശിഷ്ടങ്ങൾ കത്തിക്കുന്നതും വായു നിലവാരസൂചിക ഉയരാനും ഇതു ഗുരുതരമായ രോഗങ്ങൾക്കിടയാക്കുമെന്നും വനജനിതക ശാസ്ത്രജ്ഞനും എൻവിസ് മേധാവിയുമായ ഡോ.കണ്ണൻ വാരിയർ പറഞ്ഞു. ഹരിത ദീപാവലി സന്ദേശം അടങ്ങിയ ബോധവൽക്കരണ കാർഡുകളും വിതരണം ചെയ്തു.

239. News in Manorama, 14.11.2020, Palakkad, Green Deepavali Awareness by IFGTB ENVIS.